**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1252** **07-10-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയുടെ അതിജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം പ്രതിസന്ധിയിലായ ടൂറിസം മേഖലയുടെ അതിജീവനത്തിനായി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) | കോവിഡ് 19 ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി സർക്കാർ നടപ്പിലാക്കിയ വിവിധ സ്കീമുകളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ്ബോട്ട് സപ്പോർട്ട് സ്കീം എന്നിവ. ഇതുമൂലം വിനോദസഞ്ചാരമേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഈ പദ്ധതികളിൽ ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ഒഴികെയുള്ള പദ്ധതിയുടെ കാലാവധി 31-12-2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം ദീർഘിപ്പിച്ചു നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് കോവിഡ് മൂലം പ്രയാസമനുഭവിക്കുന്ന വിവിധ ടൂറിസം മേഖലയിലുള്ളവർക്ക് സഹായകരമാകുന്ന വിവിധ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. റിവോൾവിംഗ് ഫണ്ട് പദ്ധതി കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും ചെറുകിട സംരംഭകരെയും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളെയും സംരംഭകരെയും സാമ്പത്തികമായി സഹായിക്കുന്നതിനുള്ള റിവോൾവിംഗ് ഫണ്ട് പദ്ധതിയ്ക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ അസിസ്റ്റൻറ് സ്കീം ടൂറിസം സംരംഭകർക്കായി കെ.എഫ്.സി. മുഖാന്തരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 400 കോടി രൂപയുടെ പദ്ധതിയാണ് ഇത്. ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അനുയോജ്യമായ ഒരു രൂപരേഖ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കാൻ കെ.എഫ്.സിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലായ ട്രാവൽ & ടൂറിസം ഓപ്പറേറ്റർമാരെ സഹായിക്കുന്നതിനായി ഒറ്റത്തവണ ധനസഹായ പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ സമൂഹ മാധ്യമങ്ങളിലൂടെ കോവിഡാനന്തര മാർക്കറ്റിംഗ് നടത്തുന്നതിനായി മാർക്കറ്റിംഗ് ഡെവലപ്പ്മെന്റ് അസിസ്റ്റന്റ് സ്കീമും പരിശോധിച്ചു വരുന്നു. |
| (ബി) | കോവിഡാനന്തര കേരളത്തിന്റെ സമ്പദ് പ്രതീക്ഷയായ ടൂറിസത്തിന് വ്യവസായ പദവി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | 11.07.1986 -ലെ GO(P) No. 224/86/GAD പ്രകാരം കേരള സർക്കാർ ടൂറിസം വ്യവസായമായി പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ